ഗുണമേന്മ, വ്യാപാരം, പേറ്റന്റ് എന്നിവ സംബന്ധിച്ച് വിജ്ഞാപനം വ്യാപകമാകണം. ഈ കാര്യങ്ങൾ സാദ്ധ്യമാക്കുന്നതിനാവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ 21-ാം നൂറ്റാണ്ടിന്റെ സ്ഥാപനമായി വിവര സാങ്കേതിക മേഖലയിലെ വിപ്ലവകരമായ മുന്നേറ്റത്തിലധിഷ്ഠിതമായ ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്നാണ് ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ വിശദീകരിച്ചിരിക്കുന്നത്. കമ്പ്യൂട്ടർ സഹായത്തോടെ ഇന്റർനെറ്റ് ബന്ധിതമായ ഒരു മോഡൽ സെന്റർ കാർഷിക സർവ്വകലാശാലപോലുള്ള ഏതെങ്കിലും ലൊക്കേഷനിൽ സ്ഥാപിക്കാവുന്നതാണെന്നും അതിന്റെ ഉപസെന്ററുകൾ ഓരോ ജില്ലയിലും സ്ഥാപിക്കാവുന്നതാണെന്നും ഇവ ടെലിവിഷൻ ചാനലുകളുമായും കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകളുമായും ബന്ധിപ്പിച്ച് ഓരോ പ്രഭാതത്തിലും പ്രസക്തമായ വിവരങ്ങൾ ഓരോ കർഷകഭവനത്തിലും എത്തിക്കാവുന്നതാണെന്നും റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്.

**കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ സേവനം ഫലപ്രദമാക്കാൻ നടപടി**

**99 (1894)** ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകളിൽ ഉൾപ്പെടുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരെ ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രൂപ്പ് കോൺട്രാക്ട് സിസ്റ്റം ശക്തിപ്പെടുത്തുന്നതിന് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്. പരീക്ഷണശാലയിൽ നിന്ന് പാടത്തേക്ക് നൂതന സാങ്കേതികവിദ്യ എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാമാസവും സംഘടിപ്പിക്കുന്ന വർക്ക്ഷോപ്പുകളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ പങ്കെടുക്കുന്നതും പുതിയ ശാസ്ത്ര സാങ്കേതിക വിദ്യകൾ മറ്റ് ഉദ്യോഗസ്ഥന്മാർക്കും കർഷകർക്കും പകർന്നു കൊടുക്കുന്നതുമാണ്. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരുടെ ഓഫീസ് കമ്പ്യൂട്ടർവൽക്കരിക്കുന്നതുവഴി ബ്ലോക്ക് തലത്തിൽ കൃഷിഭവനുകൾവഴി നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി അവലോകനം ചെയ്യുന്നതിന് അവസരം ഉണ്ടാകുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly